# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

## വാർത്താക്കുറിപ്പ്

**2023 ഏപ്രിൽ 29**

---

## പി.ജി പൊതു പ്രവേശനപരീക്ഷാ രജിസ്ട്രേഷൻ മെയ് രണ്ടു വരെ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിലെയും ഇൻറർ സ്കൂൾ സെൻററുകളിലെയും പി.ജി പ്രോഗ്രാമുകളിലേക്കുള്ള പൊതു പ്രവേശനപരീക്ഷയ്ക്ക് മെയ് രണ്ടു വരെ രജിസ്റ്റർ ചെയ്യാം.

ഫോൺ: 0481 2733595, ഇ-മെയിൽ: cat@mgu.ac.in

(പി.ആർ.ഒ/39/461/2023)

## ഓഫ് ക്യാമ്പസ് യു.ജി, പി.ജി. പരീക്ഷകൾക്ക് അപേക്ഷ നൽകാം

ഓഫ് ക്യാമ്പസ് യു.ജി, പി.ജി. കോഴ്സുകളുടെ സപ്ലിമെൻററി ചാൻസ്, മെഴ്സി ചാൻസ് പരീക്ഷകൾക്ക് അപേക്ഷ നൽകാം.

മെയ് 16 വരെ പിഴ കൂടാതെ ഫീസ് അടയ്ക്കാം. മെയ് 17 ന് പിഴയോടു കൂടിയും മെയ് 18 ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

ആദ്യ മെഴ്സി ചാൻസുകാർ 5515 രൂപയും രണ്ടാം മെഴ്സി ചാൻസുകാർ 7720 രൂപയും മൂന്നാം മെഴ്സി ചാൻസുകാർ 11025 രൂപയും സ്പെഷ്യൽ മെഴ്സി ചാൻസുകാർ 13000 രൂപയും പരീക്ഷാ ഫീസിനും സി.വി ക്യാമ്പ് ഫീസിനുമൊപ്പം അടയ്ക്കണം.

പരീക്ഷകൾ ആരംഭിക്കുന്ന തീയതി പിന്നീട് അറിയിക്കും.കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ

(പി.ആർ.ഒ/39/462/2023)

## ഗസ്റ്റ് അധ്യാപക നിയമനം റദ്ദാക്കി

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസസിൽ

അപ്ലൈഡ് ജിയോളജി ഗസ്റ്റ് അധ്യാപക നിയമനം ഭരണപരമായ കാരണങ്ങളാൽ റദ്ദാക്കി.

കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ (www.mgu.ac.in)

(പി.ആർ.ഒ/39/463/2023)

## പരീക്ഷാ തീയതി

അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്(സ്പെഷ്യൽ സപ്ലിമെൻററി 2020 അഡ്മിഷൻ ബാച്ചിലെ പരാജയപ്പെട്ട വിദ്യാർഥികൾക്ക് മാത്രം - ഏപ്രിൽ 2023) ബിരുദ പരീക്ഷകൾ മെയ് അഞ്ചിന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/464/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

രണ്ടാം വർഷ എം.എസ്.സി മെഡിക്കൽ അനാട്ടമി(2020 അഡ്മിഷൻ റഗുലർ, 2015 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2015 വരെയുള്ള അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്) പരീക്ഷകൾ മെയ് 29, 31 തീയതികളിൽ നടക്കും.

മെയ് 15 വരെ പിഴ കൂടാതെ ഫീസ് അടച്ച് അപേക്ഷ നൽകാം. മെയ് 16ന് പിഴയോടു കൂടിയും മെയ് 17ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

മെഴ്സി ചാൻസുകാർ പരീക്ഷാഫീസിനും സി.വി. ക്യാമ്പ് ഫീസിനുമൊപ്പം 5515 രൂപ സ്പെഷ്യൽ ഫീസ് അടയ്ക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

............................

നാലാം സെമസ്റ്റർ ബി.ആർക്ക്(2012 മുതൽ 2018 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2011 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) പരീക്ഷകൾ മെയ് 17ന് തുടങ്ങും.

മെയ് എട്ടു വരെ പിഴ കൂടാതെ ഫീസ് അടച്ച് അപേക്ഷ നൽകാം. മെയ് ഒൻപതിന് പിഴയോടു കൂടിയും മെയ് 10ന് സൂപ്പർഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

വിദ്യാർഥികൾ പരീക്ഷാ ഫീസിനൊപ്പം ഒരു പേപ്പറിന് 60 രൂപ നിരക്കിൽ(പരമാവധി 240 രൂപ) സി.വി ക്യാമ്പ് ഫീസ് അടയ്ക്കണം. മെഴ്സി ചാൻസുകാർ പരീക്ഷാഫീസിനും സി.വി ക്യാമ്പ് ഫീസിനുമൊപ്പം 5515 രൂപ സ്പെഷ്യൽ ഫീസ് അടയ്ക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/465/2023)

## വൈവ വോസി

ഒന്നാം സെമസ്റ്റർ എം.എസ്.ഡബ്ല്യു(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 മുതൽ 2021 വരെ അഡ്മിഷൻ സപ്ലിമെൻററി - ഏപ്രിൽ 2023) പരീക്ഷയുടെ വൈവ വോസി പരീക്ഷ മെയ് അഞ്ചു മുതൽ അതത് കോളജുകളിൽ നടത്തും.

(പി.ആർ.ഒ/39/466/2023)

## <u>പ്രാക്ടിക്കൽ</u>

ആറാം സെമസ്റ്റർ ബി.വോക് സോഫ്റ്റ് വെയർ ആൻറ് സിസ്റ്റം അഡ്മിനിസ്ട്രേഷൻ(2020 അഡ്മിഷൻ റഗുലർ - പുതിയ സ്കീം - മാർച്ച് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മെയ് രണ്ടു മുതൽ മാറമ്പള്ളി എം.ഇ.എസ് കോളജിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/467/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**